**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3171** **04-08-2021 - ൽ മറുപടിയ്ക്ക്**

**എച്ച്.ഐ.വി രോഗികൾക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എച്ച്.ഐ.വി. രോഗികൾക്ക് ധനസഹായം ലഭ്യമാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ആന്റി റിട്രോവൈറൽ തെറാപ്പി (ART) കേന്ദ്രങ്ങളിലും, ലിങ്ക് എ.ആർ.ടി കേന്ദ്രങ്ങളിലും രജിസ്റ്റർ ചെയ്ത് ചികിത്സയെടുക്കുന്ന എച്ച്.ഐ.വി അണുബാധിതർക്ക് മുടക്കം കൂടാതെ എ.ആർ.ടി കേന്ദ്രത്തിൽ എത്തി ചികിത്സയെടുക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി 2012 മുതൽ പ്രതിമാസം 520/- രൂപയും 2015 മുതൽ ടി തുക വർധിപ്പിച്ച് 1000/- രൂപയും ചികിത്സാ ധനസഹായമായി നൽകിവരുന്നു. എച്ച്.ഐ.വി അണുബാധിതർക്ക് ധനസഹായം നൽകുന്നതിനായി 2210-06-101-24 (NP) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 2012 മുതൽ ധനസഹായം നൽകിവരുന്നു. ഇതിനായി 2.5 കോടി മുതൽ 3.5 കോടി രൂപ വരെ സംസ്ഥാന ബജറ്റിൽ വകയിരുത്തി വരുന്നു. |
| (ബി) | കഴിഞ്ഞ മൂന്ന് മാസത്തിൽ എപ്പോഴെങ്കിലും പ്രസ്തുത ധനസഹായം മുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | 2020-21 സാമ്പത്തിക വർഷത്തിൽ (2020 ഡിസംബർ മാസത്തിൽ) അനുവദിച്ച 11,06,30,000/- രൂപ വിനിയോഗിച്ച് 2020 മെയ് മാസം വരെയുള്ള കുടിശ്ശിക തുക 2021 മാർച്ച് മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2012 ജനുവരിമുതൽ 2021 മാർച്ച് വരെ 8509 അപേക്ഷകരാണ് ധനസഹായത്തിനായി യോഗ്യരായിട്ടുള്ളത്. പ്രസ്തുത അപേക്ഷകർക്ക് കുടിശ്ശിക തുക നൽകുന്നതിനായി 30/07/2021 ഉത്തരവ് പ്രകാരം 84,95,000/- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ